## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1232** **12.07.2016-ൽ മറുപടിയ്ക്ക്.**

**<u>വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാ പദ്ധതി</u>**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.റ്റി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് മുൻസർക്കാരിന്റെ കാലത്ത് കൈക്കൊണ്ടത്; വിശദമാക്കുമോ ; | (എ), (ബി) & (സി) | 31.01.2015-ലെ സ.ഉ.(എം.എസ്.) 04/2015/ഗതാ നമ്പർ ഉത്തരവു പ്രകാരം 01.02.2015 മുതൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാ പദ്ധതി ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കെ.എസ്.-ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 09.06.2015-ലെ സ.ഉ. (എം.എസ്.) 38/2015/ഗതാ നമ്പർ ഉത്തരവു പ്രകാരം ടി ഉത്തരവിൽ മാറ്റം വരുത്തുകയുണ്ടായി. ഈ ഉത്തരവിൽ അവ്യക്തത ഉണ്ടായതായി ശ്രദ്ധയിൽ-പ്പെട്ടതിനെത്തുടർന്ന് 10.06.2015-ലെ സ.ഉ. (സാധാ) 256/2015/ഗതാ നമ്പർ ഉത്തരവു പ്രകാരം വീണ്ടും സംസ്ഥാനത്തെ പ്ലസ് ടു വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യാത്രാ പദ്ധതി ഏർപ്പെടുത്തിക്കൊണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| (സി) | ഈ ലക്ഷ്യം നേടിയെടുക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ ? | | സർക്കാർ ഉത്തരവാകുകയുണ്ടായി യാത്രച്ചെലവ് വിദ്യാഭ്യാസത്തിന് ഒരു പരിധി വരെയെങ്കിലും തടസ്സമാവരുതെന്നും ഡീസൽ വില കുറഞ്ഞ് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ ജനോപകാരപ്രദമായ ഒരു മേഖലയിൽ ആയതിന്റെ ആനുകൂല്യം ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രാ പദ്ധതി നടപ്പിലാക്കിയത്.<br>കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവീസുകളിലും 01.02.2015 മുതൽ പ്ലസ് ടു തലം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചു വരികയാണ്.<br>10 രൂപയുടെ ഒരു സൗജന്യ യാത്രാ കാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. സൗജന്യ യാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ യാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.